**അടിയന്തര പ്രമേയം**

ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരെ നടത്തിയ ഹർത്താൽ

മി. സ്പീക്കർ: ഓഡർ....... ഓർഡർ........ ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരെ പ്രതിഷേധിച്ച പ്രദേശവാസികളെ മർദ്ദിക്കുകയും കേസെടുക്കുകയും ചെയ്തുകൊണ്ട് ജനകീയ സമരങ്ങളെ അടിച്ചൊതുക്കാൻ പോലീസ് ശ്രമിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട ഡോ.എം. കെ. മുനീർ, എം.എൽ.എ. അവതരണാനുമതി നേടിയ അടിയന്തര പ്രമേയത്തിനുള്ള മറുപടിയാണിത്. ഖരമാലിന്യത്തോടൊപ്പം ദ്രവമാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കുകയെന്നത് ഈ സർക്കാരിന്റെ വികസന

ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടയൊന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ ഭാഗമായി നൽകുന്ന വികസനഫണ്ട് സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകിയ ഫണ്ട്, ലോകബാങ്ക് സഹായം പോലുള്ള മറ്റ് ഏജൻസികളിൽനിന്നുള്ള സാമ്പത്തിക സഹായം എന്നിവ വിനിയോഗിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ ഖരദ്രവ മാലിന്യസംസ്കരണ സാഹചര്യം കേരളത്തിൽ സാദ്ധ്യമാക്കുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. മറ്റ് വികസന മേഖലകളിലെല്ലാം മാതൃകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ മാലിന്യസംസ്കരണമെന്നത് കടുത്ത വെല്ലുവിളിയായി നിലനിൽക്കുന്ന സാഹചര്യമുണ്ട്. ഇത് കേരളത്തിലെ പൊതുജനാരോഗ്യത്തെ മാത്രമല്ല, കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെക്കൂടി ബാധിക്കുന്ന അത്യന്തം ഗൗരവമുള്ള വിഷയമാണ്. കേരളം സന്ദർശിക്കുന്ന സ്വദേശികളും വിദേശികളുമായുള്ള ഏതൊരാളും മുമ്പോട്ടുവയ്ക്കുന്ന ഒരു പ്രധാന വിഷയമാണ് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളും അതുവഴി മലിനീകരിക്കപ്പെടുന്ന പൊതുയിടങ്ങളും ജലാശയങ്ങളും സൃഷ്ടിക്കുന്ന പ്രയാസങ്ങൾ. ഈ വിഷയത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ കഴിഞ്ഞ ആറ് വർഷക്കാലമായി സർക്കാർ ഏറ്റെടുത്ത് നടത്തിവരികയാണ്. ജനകീയമായ

ഇടപെടലുകളിലൂടെ മാലിന്യ ശേഖരണം നടത്തി അവ പരിസ്ഥിതിക്ക് ദോഷകരമല്ലാത്തവിധം സംസ്കരിക്കുകയെന്നത് ഈ സർക്കാരിന്റെ പ്രവർത്തനങ്ങളിലുൾപ്പെടുന്നു. നവകേരള കർമ്മ പരിപാടിയുടെ ഭാഗമായി ഹരിത കേരള മിഷൻ വഴി ധാരാളം ജനകീയമായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. 'തെളിനീർ ഒഴുകും നവകേരളം' എന്നത് അതിൽ ഏറ്റവും അവസാനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു പരിപാടിയാണ്. ജലസ്രോതസ്സുകളിൽ മാലിന്യം കലരുന്നത് തടയുന്നത് മുതൽ പച്ചത്തുരുത്ത് വരെ അവ നീണ്ടുനിൽക്കുന്നു. കടലിലെ പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനുള്ള ശുചിത്വസാഗരം പരിപാടി ഇതോടൊപ്പംത്തന്നെ ചേർത്തുവായിക്കേണ്ടയൊന്നാണ്. ഇത്തരത്തിലുള്ള ജനകീയ ഇടപെടലുകൾക്കൊപ്പം ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയും ഖരമാലിന്യസംസ്കരണത്തിന് പ്രായോഗികവും പരിസ്ഥിതിസൗഹൃദവും കേന്ദ്രീകൃത പ്ലാന്റുകളും സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഏറെ ജനസാന്ദ്രതയുള്ളതും ജനങ്ങളെമ്പാടും പാർക്കുന്നതുമായ നമ്മുടെ നാട്ടിൽ കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ നമ്മുടെ കുടിവെള്ളത്തെപ്പോലും മലിനീകരിക്കുന്ന സാഹചര്യമാണിന്നുള്ളത്. ഏറെ ആരോഗ്യപ്രശ്നങ്ങൾ അതുണ്ടാക്കുന്നുണ്ട്. എന്റെ മാലിന്യം എന്റെ

ഉത്തരവാദിത്വം എന്നതാണ് നാം ഏറ്റെടുക്കുന്നതിന് മുന്നോട്ടേയ്ക്കുവച്ച ഈ കാലത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ക്യാമ്പയിൻ. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം നമ്മുടെ നാടിനെ മലിനപ്പെടുത്താതിരിക്കാനും നമ്മുടെ ജനത്തിന്റെ ആരോഗ്യത്തെ ബാധിക്കാതിരിക്കാനും അവ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുണ്ടെന്ന കാര്യത്തിൽ രാഷ്ട്രീയപരമായോ മറ്റേതെങ്കിലും തരത്തിലോ അഭിപ്രായ വ്യത്യാസം ഉണ്ടാകുമെന്ന് കരുതുന്നില്ല. കോഴിക്കോട് ആവിക്കൽതോട് പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുകയും പരിസ്ഥിതിക്ക് കനത്ത ആഘാതം സൃഷ്ടിക്കുകയും ചെയ്യുന്ന ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരെ ഹർത്താൽ നടത്തിയ തദ്ദേശവാസികളെ ക്രൂരമായി മർദ്ദിച്ചെന്നും പ്രതിഷേധാർഹമാണെന്നും കടുത്ത വകുപ്പുകൾ ചുമത്തി ജനകീയ സമരങ്ങളെ അടിച്ചമർത്താൻ പോലീസ് നടത്തുന്ന ശ്രമങ്ങൾമൂലം ജനങ്ങളിൽ ആശങ്കയുളവാക്കുന്നുണ്ടെന്നുമാണ് ഡോ. എം. കെ. മുനീർ, എം.എൽ.എ. അടിയന്തര പ്രമേയത്തിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ആവിക്കൽതോട് പ്രദേശത്ത് സ്ഥാപിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റ് ഇന്ന് ലഭ്യമായ ഏറ്റവും മികച്ച സാങ്കേതികവിദ്യ

ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തെ ഒരുതരത്തിലും ബാധിക്കാത്തതുമായ പദ്ധതിയാണ്. മാത്രമല്ല അത്യന്തം മലിനീകരിക്കപ്പെട്ട ആവിക്കൽതോടുൾപ്പെടെയുള്ള ജലസ്രോതസ്സുകളും മലിനജലവും ശാസ്ത്രീയമായി സംസ്കരിക്കുന്നതുവഴി അവിടത്തെ ജനങ്ങളുടെ ജീവിതത്തെ ആരോഗ്യകരമാക്കാൻ സഹായിക്കുന്നതുമാണ് പദ്ധതി. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ജനങ്ങളുടെ ജീവിതത്തെ ദുസ്സഹമാക്കുന്നയൊന്നല്ല പരിസ്ഥിതിക്ക് കനത്ത ആഘാതം സൃഷ്ടിക്കുന്നയൊന്നുമാകാൻ സാദ്ധ്യതയുമില്ല. അമൃത് പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷൻ നടപ്പാക്കുന്ന ഈ പദ്ധതി, കോർപ്പറേഷന്റെ കൈവശമുള്ള 74 സെന്റ് ഭൂമിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 60 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ഈ പദ്ധതി 2023 മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഇതിനുമുമ്പുതന്നെ പൂർത്തിയാക്കേണ്ടുന്നയൊന്നായിരുന്നു ആ പദ്ധതി. അമൃത് ഒന്നിന്റെ ഭാഗമായിട്ടാണ് 60 കോടി രൂപ ചെലവ് ചെയ്യാൻ കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടുകൂടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. എന്നാൽ പല കാരണങ്ങൾകൊണ്ട് അമൃത് ഒന്നിന്റെ ഘട്ടത്തിൽ പൂർത്തിയാക്കാനാവാത്തതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിനോട് സമയം

ദീർഘിപ്പിച്ച് വാങ്ങിയാണ് 2023 മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കുന്ന പട്ടികയിൽ ഓൺഗോയിംഗ് വർക്കായി ഇതിനെയുൾപ്പെടുത്തിയിട്ടുള്ളത്. അല്ലാത്ത പക്ഷം അമൃത് പദ്ധതിയിൽ ലഭ്യമായ ഈ തുക നഷ്ടപ്പെടാൻ ഇടയാകുമെന്ന കാര്യവും നമ്മൾ മനസ്സിലാക്കേണ്ടതാണ്. കൂടാതെ കേരളത്തിലെ ഖര-ദ്രവ മാലിന്യസംസ്കരണ സംവിധാനങ്ങളുടെ അഭാവം സംബന്ധിച്ച് ധാരാളം പരാതികളും കേസുകളും ദേശീയ ഹരിത ട്രിബ്യൂണലിൽ നിലനിൽക്കുന്നുണ്ട്. വിവിധ കേസുകളിലായി ധാരാളം നിർദ്ദേശങ്ങൾ ദേശീയ ഹരിത ട്രിബ്യൂണൽ സംസ്ഥാന സർക്കാരിനും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ എല്ലാം തന്നെ സമയബന്ധിതമായി നടപ്പാക്കാൻ സർക്കാരിന് ബാദ്ധ്യതയുമുണ്ട്. ഏറ്റവും ആധുനിക സാങ്കേതിവിദ്യ ഉപയോഗിച്ച് യാതൊരു മലിനീകരണ സാദ്ധ്യതയുമില്ലാതെ നടപ്പിലാക്കുന്ന പദ്ധതിയാണ് ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും തീരദേശപരിപാലന അതോറിറ്റിയുടെയും മറ്റ് നിയമപരമായ ഏജൻസികളുടെയും എല്ലാവിധ അനുമതികളും അംഗീകാരവും നേടിയതിനുശേഷമാണ് പദ്ധതി പ്രവർത്തനത്തിനുവേണ്ടിയുള്ള ആരംഭം കുറിച്ചിട്ടുള്ളത്. കരാറുകാർ പ്രവൃത്തി ആരംഭിക്കാൻ തുടങ്ങിയതോടെ ചില

ഭാഗങ്ങളിൽനിന്ന് പ്രതിഷേധം ഉയർന്നുവന്നു. പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് 26-08-2021-ന് എല്ലാ കൗൺസിലർമാർക്കുമായി വിശദമായ പദ്ധതി അവതരണം കോർപ്പറേഷൻ നടത്തി. 22-09-2021-ന് വാർഡ്തല കമ്മിറ്റി യോഗം ചേർന്നിരുന്നു. അതിനുമുമ്പ് 20-09-2021-ന് മേയർ, കൗൺസിലർമാർ, ഓപ്പറേറ്റർമാർ, അമൃത് പദ്ധതിയുടെ ഉദ്യോഗസ്ഥർ, കോൺട്രാക്ടർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോട് ഹൈലൈറ്റ് മാളിക സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സന്ദർശിച്ച് സമാനമായ സാഹചര്യം കണ്ട് ബോദ്ധ്യപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള പ്ലാന്റുകൾ കേരളത്തിന്റെ വിവിധ മേഖലകളിൽ ഇപ്പോൾ സ്ഥാപിച്ചുവരികയാണ്. അതിലേറ്റവും പ്രധാനപ്പെട്ട ഒരുദാഹരണമാണ് തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് ഗ്രൗണ്ടിലുള്ളത്. അവിടെ ശ്രീചിത്ര, ആർ.സി.സി., മെഡിക്കൽ കോളേജ് എന്നീ മൂന്ന് പ്രധാനപ്പെട്ട ആശുപത്രികളുള്ള കാര്യം ഞാൻ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതില്ല. യഥാർത്ഥത്തിൽ അമ്പത് വർഷക്കാലത്തേയ്ക്കുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റാണ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം നടത്തിവരുന്നത്. മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഉദ്ഘാടനം ചെയ്യാൻപോയ സന്ദർഭത്തിലാണ് അവിടെയുണ്ടായിരുന്ന

മേയർ ഉൾപ്പെടെയുള്ള കോർപ്പറേഷൻ ഭാരവാഹികളോട് ഞാനൊരു കാര്യം ചൂണ്ടിക്കാണിച്ചത്. അവിടെ ഒരു മലിനീകരണവുമുണ്ടാകുന്നില്ലെന്ന് മാത്രമല്ല പൊതുജനങ്ങൾ അത് കാണാൻ വരികയാണ്. അങ്ങനെ വരുന്നവരെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ നല്ലൊരു പൂന്തോട്ടം വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണമെന്ന് പറഞ്ഞപ്പോൾ, ഇക്കൊല്ലത്തെ പദ്ധതിയുടെ ഭാഗമായി മൂന്നുകോടി രൂപ ചെലവഴിച്ച് അതൊരു ഡെസ്റ്റിനേഷൻ സെന്ററാക്കി മാറ്റുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന് കോർപ്പറേഷൻ തുടക്കം കുറിച്ചിരിക്കുകയാണ്. മലിനജലം സംസ്കരിക്കുന്ന പ്രദേശത്ത് ഒരുതരത്തിലുള്ള മാലിന്യപ്രശ്നവും ഉത്ഭവിക്കുന്നില്ല. മാത്രമല്ല, പത്ത് വർഷക്കാലം അതിന്റെ മെയിന്റനൻസ് പൂർണ്ണമായും കൈകാര്യം ചെയ്യുന്നതുൾപ്പെടെയാണ് കോൺട്രാക്ട് നൽകുന്നതെന്നുള്ളതാണ് സത്യം.

സർവ്വകക്ഷി യോഗങ്ങൾ ചേർന്ന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പൂർണ്ണമായ പിന്തുണയോടെ അവിടെ പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ ദിവസവും സമയം നിശ്ചയിച്ചുകൊണ്ടുതന്നെ തീരുമാനിച്ചിട്ടുള്ളതാണ്. സമയക്കുറവുകൊണ്ട് അത് ഓരോന്നോരോന്നായി ഞാൻ വിശദീകരിക്കുന്നില്ല. 19-01-2022-ന് മേയർ അവിടത്തെ

ജനങ്ങളുമായി ചർച്ച നടത്തുകയുണ്ടായി. അതിനുശേഷം മണ്ണ് പരിശോധന നടപടികൾ പുനരാരംഭിച്ചപ്പോൾ ഏതാനും ചില ആളുകൾ പ്രതിഷേധിച്ചതിനെത്തുടർന്ന് പണി നിർത്തിവയ്ക്കുകയാണ് അന്ന് ചെയ്തത്. പ്രശ്നം പരിഹരിക്കുന്നതിനായി 11-03-2022-ന് മേയറുടെ ചേമ്പറിൽ സർവ്വകക്ഷി യോഗം ചേർന്നു. യോഗത്തിലെ തീരുമാനവും ജില്ലാ കളക്ടറുടെ നിർദ്ദേശവുംകൂടി പരിഗണിച്ച് പൊതുജന ബോധവൽക്കരണത്തിനായി കോർപ്പറേഷൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയെ സംബന്ധിച്ച് സംശയങ്ങളും ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 20-03-2022-ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അമൃത് പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സമീപവാസികളെ ഉൾപ്പെടുത്തി സന്ദർശിക്കുകയും അവർ വീണ്ടും ഇവിടെ വരികയുമുണ്ടായി. ഇത്തരത്തിലുള്ള മാലിന്യ പ്ലാന്റ് യാതൊരു പാരിസ്ഥിതിക പ്രശ്നമോ സമീപവാസികൾക്ക് പ്രയാസമോ ഉണ്ടാക്കുന്നില്ലെന്ന് നേരിട്ടുകണ്ട് അവർക്ക് ബോദ്ധ്യം വന്നിട്ടുള്ളതാണ്. ഇതുപോലെയാണ് കണ്ണൂരിലെ ഒരു പ്ലാന്റിനെ സംബന്ധിച്ചുമുണ്ടായത്. അവിടെ എല്ലാ സർവ്വകക്ഷികളും യോജിച്ച് പ്ലാന്റ്

വരുന്നതിനെതിരായി നിന്നപ്പോൾ അവിടെയുണ്ടായിരുന്ന ആളുകളും ഇതിനെതിരാണെന്ന് മനസ്സിലാക്കിയതിനെ അടിസ്ഥാനപ്പെടുത്തി, അവിടെ ഉദ്ഘാടനം നിർവ്വഹിക്കാൻ തീരുമാനിച്ചിരുന്നത് എന്റെ പേരായിരുന്നു, ഞാനവിടെ പോകുന്നതിനുപകരം നിങ്ങൾ തർക്കമുണ്ടാക്കേണ്ട കാര്യമില്ലെന്നും സമര സമിതിയിലെ ആളുകൾ തിരുവനന്തപുരത്തേയ്ക്കുവന്ന് ഇതുകണ്ട് കാര്യങ്ങൾ മനസ്സിലാക്കി പോയാൽ കുഴപ്പമുണ്ടാകില്ലെന്നും ഞാൻ അവരോട് പറഞ്ഞു. അവർ ടിക്കറ്റ് ബുക്ക് ചെയ്ത് ഇവിടെ വന്ന് കാര്യങ്ങളെല്ലാം മനസ്സിലാക്കി തിരിച്ചുപോയതിനുശേഷം എതിർപ്പില്ലെന്നുമാത്രമല്ല പിന്നീട് ആ പദ്ധതിയുടെ ഉദ്ഘാടനത്തിനൊന്നും പുറപ്പെട്ടില്ല. അടിയന്തരമായി പണി ആരംഭിക്കാൻ തീരുമാനിക്കുകയും ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുകയുമാണ്. ഇതിന്റെ ഭാഗമായി യാതൊരു ആഘാതവും പ്രകൃതിക്കോ ജനങ്ങൾക്കോ ഉണ്ടാവില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഏതാനും ആളുകൾ പദ്ധതിയെ ഇപ്പോഴും എതിർക്കുന്നുവെന്നുള്ളത് സത്യമാണ്. ഇക്കാര്യങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് നല്ല ധാരണയുണ്ടാക്കിക്കൊണ്ടും അവരെ മുഖവിലയ്ക്കെടുത്തുകൊണ്ടും മാത്രമേ ഇത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ.

പോലീസ് നടപടിയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. കോഴിക്കോട് കോർപ്പറേഷനിൽ വെള്ളയിൽ ആവിക്കൽതോടിൽ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ നടന്ന പ്രതിഷേധ പ്രകടനങ്ങളും പരിപാടികളുമായി ബന്ധപ്പെട്ട് ആകെ 14 കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ സമരസമിതി 02-07-2022-ന് കോർപ്പറേഷനിലെ മൂന്ന് വാർഡുകളിൽ തീരദേശ ഹർത്താലിന് ആഹ്വാനം ചെയ്തിരുന്നു. ഹർത്താൽ അനുകൂലികൾ അന്നുരാവിലെ ബീച്ച് റോഡിൽ വാഹന ഗതാഗതം തടസ്സപ്പെടുത്തുകയും ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്തു. പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടെങ്കിലും അതുകൂട്ടാക്കാതെ ഗതാഗതതടസ്സം സൃഷ്ടിച്ച് സ്ഥലത്ത് പ്രതിഷേധിക്കുന്ന നിലതുടർന്നു. പോലീസ് അവരെ പിരിച്ചുവിടുന്നതിനുള്ള നിലപാടുകളാണ് സ്വീകരിച്ചത്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾ പ്രകാരം വെള്ളയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം 355/2022 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് നൽകിയ നിർദ്ദേശങ്ങൾ ധിക്കരിച്ച് ഇവർ പോലീസിനെ ആക്രമിക്കുകയും ബാരിക്കേഡുകളും കോർപ്പറേഷന്റെ ഇരുമ്പ് തൂണുകളുമുൾപ്പെടെ പൊതുമുതൽ നശിപ്പിക്കുകയുമുണ്ടായി. ഇതിനെതിരെ പൊതുമുതൽ നശീകരണ നിയമം ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം ക്രൈം

356/2022 നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ 8 പോലീസുദ്യോഗസ്ഥർക്ക് പരിക്കേറ്റു. ഇവർ കോഴിക്കോട് ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന നിലയുണ്ടായി. ആ കേസിൽ ഒരാളെ അറസ്റ്റുചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. പരിക്കേറ്റ ഒരാൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. എല്ലാ വിഭാഗം ആളുകളുടെയും പരിപൂർണ്ണമായ പിന്തുണയോടെമാത്രമേ ദ്രവമാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഇക്കാര്യത്തിൽ എല്ലാവരുടെയും യോജിച്ച പ്രവർത്തനമാണുണ്ടാകേണ്ടത്. അതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഇതുസംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ: സർ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അവിടെയുള്ള ജനങ്ങൾക്കൊന്നും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഖര-ദ്രവ്യ മാലിന്യങ്ങൾ സംസ്കരിക്കണമെന്നുള്ളത് അവിടെ എല്ലാ സമൂഹവും ഒരുമിച്ച് സമ്മതിക്കുന്ന കാര്യമാണ്. എന്നാൽ ഇവിടെ ഒരു പിടിവാശി എന്തിനാണ് എന്നുള്ളതാണ്. ഗ്രീൻ ട്രിബ്യൂണലിൽ ഇതുമായി ബന്ധപ്പെട്ട്

നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് പറയുന്നു. അത് ആവിക്കൽ തോടിൽത്തന്നെ നടത്തണമെന്ന് അവർ പറഞ്ഞിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം. ആവിക്കൽതോട് പ്രദേശം അങ്ങ് വന്ന് കാണണം. എത്രയോ ജനങ്ങൾ ഒരുമിച്ച് താമസിക്കുന്ന ജനനിബിഡമായിട്ടുള്ള പ്രദേശമാണ്. അവരെല്ലാം മത്സ്യത്തൊഴിലാളികളാണ്. അവർ ഒരുമിച്ച് താമസിക്കുന്ന സ്ഥലത്തിന്റെ നടുവിലാണ് ഈ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ പോകുന്നത്. മാത്രമല്ല, ഇതിന്റെ മണ്ണ് പരിശോധനയുടെ സമയത്ത് അവിടെയുള്ള ആളുകൾ അറിയുകപോലും ചെയ്തിട്ടില്ല. ജനങ്ങൾ ഇളകിയതിനുശേഷമാണ് ഇവിടെ പറഞ്ഞ എല്ലാ ചർച്ചകളിലേയ്ക്കും പോയത്. അപ്പോഴേയ്ക്കും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ഇവിടെ പറഞ്ഞതുപോലെ, ഇതിന്റെ കോൺട്രാക്ടർക്ക് ഇത്ര സമയംകൊണ്ട് പണി തീർക്കണമെന്നുള്ള അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. ആവിക്കൽ തോട് പ്രദേശത്തേയ്ക്ക് പല സ്ഥലത്തുനിന്നും എല്ലാ സമയത്തും വെള്ളം എത്താറുണ്ട്. നടക്കാവ്, ചക്കുംകടവ്, ഗാന്ധിറോഡ്, പണിക്കർ റോഡ് എന്നിവിടങ്ങളിലെ വെള്ളം ഒഴുകിയെത്തുന്ന സ്ഥലമാണിത്. ഇപ്പോൾ ഔദ്യോഗികമായി എല്ലാ മാലിന്യവും കൊണ്ടിടുന്നത് ഈ ആവിക്കൽതോടിലാണ്. അതുകൊണ്ടുതന്നെ അവിടെയുള്ള ആളുകൾക്ക്

പൊറുതിമുട്ടിയിരിക്കുകയാണ്. അതിനുപുറമെ ഇതുംകൂടി വന്നുകഴിഞ്ഞാൽ എന്താണ് സ്ഥിതി. ഇതൊക്കെ സാങ്കേതികവിദ്യയാണല്ലോ? ഇതിന്റെ വാൽവിന് എന്തെങ്കിലും കേട് സംഭവിച്ചാൽ ആ പ്രദേശം മുഴുവൻ മാലിന്യത്തിൽ മുങ്ങുമെന്നുള്ള പേടിയാണ് അവിടത്തെ ജനങ്ങൾക്ക്. മെഡിക്കൽ കോളേജ് ഗ്രൗണ്ടിലെ സംസ്കരണ പ്ലാന്റിന്റെ കാര്യം പറഞ്ഞതുപോലെ എത്രയോ നല്ല പ്രദേശങ്ങൾ ഗ്രൗണ്ടായി അവിടെയുണ്ട്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലമുണ്ട്. അതുപോലെ വെങ്ങോലിയിൽ ധാരാളം സ്ഥലമുണ്ട്. ഈ സ്ഥലങ്ങളെല്ലാമുണ്ടായിട്ടും ആവിക്കൽതോടിൽത്തന്നെ ഇത് നടപ്പിലാക്കുമെന്ന് പറയാനുള്ള കാരണമെന്താണ്? അതുകൊണ്ടാണ് ജനങ്ങൾ ഇളകിയത്. അവിടത്തെ മത്സ്യത്തൊഴിലാളികൾ കടലിൽ പോയി ഉപജീവനം കഴിക്കുന്നവരാണ്. കഴിഞ്ഞ കുറേദിവസങ്ങളായി അവർക്ക് കടലിൽ പോകാൻ കഴിയുന്നില്ല. കാരണം, അവർ ഈ സമരവുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് അവരുടെ കുടുംബം പട്ടിണിയിലാണ്. അവർ സമരപന്തൽ കെട്ടി. അതിപ്പോൾ പോലീസ് കയ്യടക്കിയിരിക്കുകയാണ്. ഏതെങ്കിലും സ്ഥലത്ത് സമരം ചെയ്യുന്നവരെ തള്ളിനീക്കി സമരപ്പന്തൽ പോലീസ് കയ്യേറിയ ഒരു സംഭവം കേരളത്തിന്റെ

ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ഇപ്പോൾ സമരപ്പന്തലിൽ പോലീസുകാരാണെന്ന് പോയി നോക്കിയാൽ കാണാം. മാത്രമല്ല, എത്ര സ്ത്രീകളെയാണ് അവർ ആക്രമിച്ചത്. നാല് സ്ത്രീകൾക്ക് പരിക്കേറ്റിട്ടുണ്ട്. ഇവിടെ മറുപടി പറഞ്ഞ കൂട്ടത്തിൽ അതൊന്നും പറഞ്ഞിട്ടില്ല. 107 വകുപ്പ് ചുമത്തിയാണ് ഇവരുടെ പേരിൽ കേസ്സെടുത്തിരിക്കുന്നത്. എല്ലാ സ്ഥലത്തുമുള്ളതാണല്ലോ തീവ്രവാദികൾ എന്നുപറഞ്ഞാൽ രക്ഷപ്പെടുക എന്നുള്ളത്. കെ-റെയിലിൽ തീവ്രവാദികൾ, ഇപ്പോൾ ആവിക്കൽ തോടിൽ തീവ്രവാദികൾ. ഡെപ്യൂട്ടി മേയർ അവിടെ വന്ന് പറയുകയാണ് അവർ തീവ്രവാദികളാണെന്ന്. കേരളത്തിൽ ഇത്രയധികം തീവ്രവാദികൾ വന്നിട്ട് ഇങ്ങനെ തീവ്രവാദികളുടെ താവളമായി കേരളം മാറിയെന്ന് പറയാൻ ഇവിടത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലജ്ജയില്ലേ? തീവ്രവാദം എന്നത് എല്ലാത്തിൽ നിന്നും നിങ്ങൾക്ക് രക്ഷപ്പെടാനുള്ളൊരു ആയുധമായി പറയുകയാണോ; ഇവരുടെ കയ്യിൽ ആകെയുള്ള ആയുധം പങ്കായമാണ്. അത് അവർ കടലിൽ പോകുമ്പോൾ മാത്രമേ ഉപയോഗിക്കുകയുള്ളൂ. ( ഒരു ചിത്രം ഉയർത്തിക്കാട്ടി). ഈ ചിത്രം ഒന്നു ശ്രദ്ധിക്കണം. അടിച്ചുപരിക്കേൽപ്പിച്ചശേഷം അനങ്ങാൻ പറ്റാതെ കിടക്കുന്ന ഇയാൾ ഏത് ആയുധമെടുത്തെന്നാണ് നിങ്ങൾ പറയുന്നത്? മറ്റൊരുദാഹരണം കൂടി

സൂചിപ്പിക്കാം. ആ വ്യക്തിയുടെ പേര് റെജീഷ് എന്നാണ്. അദ്ദേഹത്തിന് കണ്ണ് കാണില്ല. കണ്ണട ഉപയോഗിക്കാതെ അദ്ദേഹത്തിന് കാണാൻ സാധിക്കില്ല. പ്രശ്നം നടക്കുന്ന സമയം ഓടുന്നതിനിടയിൽ കണ്ണട താഴെ വീണുപോയി. ഉടൻ തന്നെ പോലീസ് അവനെ വളഞ്ഞിട്ട് അടിക്കുകയായിരുന്നു. അവൻ ആ സമയത്തും കണ്ണട തപ്പിക്കൊണ്ടിരിക്കുകയാണ്. അവനെ അടിച്ച് പരിക്കേൽപ്പിച്ചെന്നുമാത്രമല്ല, നൂറോ ഇരുന്നൂറോ അടി അവന്റെ പുറത്ത് കിട്ടിയിട്ടുണ്ടാകും. അതിന് ശേഷം രണ്ട് പോലീസുകാർ അവനെ തൂക്കിയെടുത്ത് വലിച്ചെറിയുന്ന ചിത്രവും നിങ്ങൾക്ക് വേണമെങ്കിൽ വീഡിയോ ദൃശ്യങ്ങളിലൂടെ ഞാൻ കാണിച്ചുതരാം. എന്താണിത്; ആ നാട്ടിലുള്ള മുഴുവൻ ജനങ്ങളുടേയും പുറത്തുകയറിയിട്ടാണോ അങ്ങനെയൊരു ട്രീറ്റ്മെന്റ് പ്ലാന്റ് നടപ്പാക്കുന്നത്? 'നാവികരാണ്', 'നമ്മുടെ നാവിക സേന'യാണ് എന്നൊക്കെയാണ് മത്സ്യത്തൊഴിലാളികളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചിട്ടുള്ളത്. നാവികസേനയെ ഇങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ വായുസേനയുടെ കാര്യമെന്തായിരിക്കും? നാവിക സേനയിലുള്ള ഓരോ പ്രവർത്തകരേയും നിങ്ങൾ ഇഞ്ചിഞ്ചായി ചതച്ചുകൊണ്ടിരിക്കുകയാണ്. എന്തുതന്നെയായാലും സംഭവസ്ഥലത്തേയ്ക്ക് വരാൻ പോകുന്നെന്ന് പറഞ്ഞുകൊണ്ട് അവിടത്തെ

ഡെപ്യൂട്ടി മേയർ, സംഘർഷാവസ്ഥയുള്ള സ്ഥലത്തെത്തുകയും സംഘർഷം വർദ്ധിപ്പിക്കുകയുമാണ് ചെയ്തത്. ഓരോ സമയവും എന്തിനാണ് അവരെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുന്നത്. എത്ര ആൾക്കാർക്കാണ് പരിക്കുപറ്റിയിട്ടുള്ളതെന്ന് അറിവുണ്ടോ; അവിടെ തീവ്രവാദികളൊന്നുമല്ല, എല്ലാ രാഷ്ട്രീയ കക്ഷികളുമുണ്ട്. ഇപ്പോൾ അടി കിട്ടിയെന്നു പറഞ്ഞയാൾ പഴയ സി.പി.ഐ.(എം) അനുഭാവിയായിരുന്നു. രക്ഷയില്ലാഞ്ഞ് അദ്ദേഹം പാർട്ടി മാറി ഇങ്ങോട്ടേയ്ക്ക് വന്നതാണ്. സി.പി.ഐ.(എം) അനുഭാവികൾക്കൊന്നും അവിടെ നില്ക്കാൻ കഴിയുന്നില്ല. അവരുവരെ പാർട്ടി മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ആവിക്കൽതോടിൽ എല്ലാവരുടേയും സമ്മതത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് പറയുന്നത്. ആ പ്രദേശത്ത് ഏത് പാർട്ടിയാണ് ഇക്കാര്യത്തിന് സമ്മതിക്കുന്നത്; കോഴിക്കോട് ജില്ലയിലെ ഏത് പാർട്ടിയാണ് സമ്മതിക്കുന്നത്? സംസ്ഥാനതല നേതൃത്വവുമായും ഇവിടെയിരിക്കുന്ന നേതാക്കളുമായും ആലോചിച്ച് മറ്റൊരു സ്ഥലത്തേയ്ക്ക് അത് മാറ്റുന്നതിൽ ആർക്കും ഒരു തരത്തിലുമുള്ള പ്രശ്നവുമില്ല. ട്രീറ്റ്മെന്റ് പ്ലാന്റ് വരണമെന്നു തന്നെയാണ് അവരുടെ ആഗ്രഹം. പക്ഷെ ജനങ്ങൾ തിങ്ങി വസിക്കുന്ന പ്രദേശത്ത് അവരുടെ താല്പര്യങ്ങൾക്കെതിരെ, ഇതുമായി ബന്ധപ്പെട്ട

കാര്യങ്ങളൊന്നും പറയാതെ മണ്ണ് പരിശോധനയടക്കം നടത്തി, അവരുടെ നെഞ്ചത്ത് കയറി വിളയാട്ടം നടത്താമെന്ന് അവിടത്തെ പോലീസുകാർ വിചാരിച്ചാൽ, അത് നടക്കാൻ പോകുന്ന കാര്യമല്ലെന്ന് മാത്രമാണെനിക്ക് പറയാനുള്ളത്. ജനങ്ങൾ പ്രതിരോധിക്കുന്ന അവസ്ഥയിലാണ്. ഞങ്ങൾക്ക് ജനങ്ങളുടെ കൂടെ നിൽക്കേണ്ടിവരും. സൂചിപ്പിച്ച എല്ലാ കാര്യങ്ങളും ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങളൊരു ചർച്ചയ്ക്കുള്ള വഴിയൊരുക്കണം. അതിനുശേഷം മറ്റ് പ്രദേശങ്ങൾ കൂടി ഇതിന്റെ കൂടെ പരിഗണിക്കണം. പണം നഷ്ടപ്പെടാതെ നമുക്ക് നോക്കാം. അല്ലാതെ അവരുടെ വികാരത്തെ മാനിക്കാതെയാണ് അങ്ങിത് ചെയ്യുന്നതെങ്കിൽ ഒരിക്കലും അതവിടെ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥാവിശേഷമുണ്ടാകും. അവിടെത്തെ സ്ത്രീകളുടെ മാനസികാവസ്ഥ ദയവായി അങ്ങ് മനസ്സിലാക്കണം. കൊച്ചുകുട്ടികളേയും കൊണ്ട് രാവും പകലും അവർ സമരത്തിലാണ്. വീടുകളിൽ പോകുന്നില്ല. വീട്ടിൽ ആഹാരം ഉണ്ടാക്കുന്നില്ല. ഭക്ഷണം ഉണ്ടാക്കാൻ പോലും കഴിയാത്ത രീതിയിൽ അവർ സമരത്തോടൊപ്പം നില്ക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളാരെങ്കിലും അവിടെത്തെ സ്ത്രീകളോടൊന്ന് സംസാരിക്കണം. റെജീഷ് എന്ന ചെറുപ്പക്കാരന്റെ ഉമ്മയും സഹോദരിയും നോക്കി നില്ക്കെയാണ് അവനെ അടിക്കുന്നത്.

അവന് കാഴ്ചകുറവാണെന്നും കണ്ണട താഴെ പോയിട്ടുണ്ട്, അതുകൊണ്ടാണ് അവൻ അവിടെത്തന്നെയിരിക്കുന്നതെന്നും ആ സംഘർഷത്തിനിടയിൽ അവന്റെ ഉമ്മ ഉറക്കെ വിളിച്ചുപറയുന്നുണ്ട്. അവൻ നിലത്തിരുന്ന് കണ്ണട തപ്പിക്കൊണ്ടിരിക്കുമ്പോൾ അവനെ അടിക്കുന്ന രംഗമുണ്ടല്ലോ. ഹൃദയമെന്നൊന്നുണ്ടെങ്കിൽ കണ്ണിൽ നിന്ന് ഒരിറ്റ് കണ്ണീരുവരാതെ ആ രംഗം കാണാൻ നമുക്ക് കഴിയില്ല. ഇത്തരത്തിൽ ക്രൂരമായി അവിടത്തെ ജനങ്ങളെ തല്ലിച്ചതച്ചുകൊണ്ട് അവരുടെ നെഞ്ചത്ത് ഒരു ട്രീറ്റ്മെന്റ് പ്ലാന്റുണ്ടാക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. അതുകൊണ്ട് പ്രസ്തുത വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള അഭിപ്രായത്തിൽ ഞാൻ ഉറച്ചുനില്ക്കുകയാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് .... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്.. ഒരു മിനിട്ട്.. ദയവായി ശ്രീ. പി. കെ. ബഷീർ താങ്കളുടെ സീറ്റിലിരിക്കണം. സബ്മിഷനിൽ സാധാരണ അനുവദിക്കാറില്ല. അടിയന്തരപ്രമേയത്തിൽ ബന്ധപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ വിഷയം അനുവദിക്കാറുണ്ട്. അതാണ് കീഴ്വഴക്കം. കീഴ്വഴക്കമനുസരിച്ചാണ് പോകുന്നത്. നിങ്ങൾ കീഴ്വഴക്കം നോക്കിയാൽ മതി. നിങ്ങളാദ്യംപോയി

കീഴ്വഴക്കമെന്താണെന്ന് നോക്കണം. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, അങ്ങ് സംസാരിക്കുന്നുണ്ടോ? ....(ബഹളം)......ഞാൻ പറഞ്ഞല്ലോ സബ്മിഷനിൽ സാധാരണ അങ്ങനെ അനുവദിക്കാറില്ല. അടിയന്തരപ്രമേയത്തിൽ അങ്ങനെ അനുവദിക്കാറുണ്ട്. എല്ലാവരും സീറ്റിലിരിക്കണം. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ... (ബഹളം) അങ്ങേയ്ക്കാണ് മൈക്ക്. അങ്ങ് സംസാരിക്കുന്നുണ്ടെങ്കിൽ സംസാരിക്കണം. .....(ബഹളം)....

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഒരു പ്രവൃത്തിയാണിത്. (ബഹളം)..... ഞാൻ കോർപ്പറേഷൻ മേയറായിരിക്കെ കൊണ്ടുവന്നിട്ടുള്ളൊരു പദ്ധതിയാണിത്. നടപ്പിലാക്കാൻ ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. അമൃത് പദ്ധതിയിൽ 120 കോടി രൂപ വകയിരുത്തി അന്നത്തെ കോർപ്പറേഷൻ കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ചിട്ടുള്ളൊരു പദ്ധതിയാണ്. ഏറ്റവും അത്യാവശ്യമായ പദ്ധതികളിലൊന്നാണത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ വിശദീകരിച്ചതുപോലെ കേരളത്തിലുടനീളം നടപ്പിലാക്കേണ്ട ഏറ്റവും നല്ല പദ്ധതിയാണിത്. അവിടെയുള്ള ആളുകളാരും സീവേജ് പദ്ധതി നടപ്പിലാക്കരുതെന്ന് പറയുമെന്ന് എനിക്ക് തോന്നുന്നില്ല.

മി.സ്പീക്കർ: ദയവായി താങ്കൾ ചുരുക്കി സംസാരിക്കണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, വളരെ പ്രാധാന്യമർഹിക്കുന്നൊരു പദ്ധതിയാണിത്. ആരുടെയും സ്ഥലം കയ്യേറിയിട്ടോ ഏറ്റെടുത്തിട്ടോ അല്ല ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. കോർപ്പറേഷൻ അധീനതയിലുള്ള 74 സെന്റ് സ്ഥലമാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. വെസ്റ്റ് ഹിൽ മുതൽ കോതി വരെ 13 എം.എൽ.ഡി.യുടെ പദ്ധതിയാണിത്. അത് രണ്ടാക്കി തിരിച്ച്, 7 എം.എൽ.ഡി.യുടെ പദ്ധതി ആവിക്കലും 6 എം.എൽ.ഡി. യുടെ പദ്ധതി കോതിയിലുമാക്കി മാറ്റി ചെയ്തതാണ്. കാരണം അത്രയും സൗകര്യം ചെയ്തുകൊടുത്തതാണ്. എന്നിട്ടുപോലും അവിടത്തെ എസ്.ഡി.പി.ഐ.-പ്രവർത്തകരും വെൽഫെയർ പാർട്ടിക്കാരും ചേർന്ന് വ്യാപകമായ അനാവശ്യ പ്രചരണങ്ങൾ നടത്തുകയുണ്ടായി. ഇതേത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിന്റെ ഭാഗമായി ഡോ. എം. കെ. മുനീറിന്റെ വീട്ടിൽ പോയി അദ്ദേഹത്തെ നേരിൽ കണ്ട് പല തവണ പ്രസ്തുത വിഷയം സംസാരിച്ചിരുന്നു. എന്നിട്ടൊന്നും അദ്ദേഹം വഴങ്ങാതെ ഇതുമായി ബന്ധപ്പെട്ട ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ് യഥാർത്ഥത്തിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. നമുക്കത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല.

ഈ പദ്ധതി മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകാൻ കഴിയില്ല. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി പരിശോധിച്ച് നോക്കട്ടെ. ആർക്കും വിരോധമില്ല. എവിടെ വേണമെങ്കിലും നടപ്പിലാക്കിക്കോട്ടെ. പക്ഷെ ഇത്രയധികം ആളുകൾക്ക് പ്രയോജനപ്പെടുന്ന ഏറ്റവും വലിയൊരു പദ്ധതി ഇത്തത്തിലുള്ള വേണ്ടാത്ത തർക്കങ്ങൾ ഉന്നയിച്ച് നഷ്ടപ്പെടുത്തണോയെന്നാണ് വാസ്തവത്തിൽ ആലോചിക്കേണ്ടത്. അവിടെയുള്ള ജനങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവിടെയിരിക്കുന്ന അംഗങ്ങളെല്ലാം സീവേജ് പദ്ധതി എന്താണെന്ന് അറിയുന്നവരാണ്. ഒട്ടും ശരിയായ നടപടിയല്ല നിങ്ങളിപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവരെയും ബോധ്യപ്പെടുത്തിയ ശേഷം ഈ പദ്ധതിയിൽ നമുക്ക് എന്തുവേണമെങ്കിലും ചെയ്യാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ..

ശ്രീ. എൻ. ഷംസുദ്ദീൻ: (മൈക്ക് ഓഫ്) സർ, പോയിന്റ് ഓഫ് ഓർഡർ..

മി.സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല. ശ്രീ. എ. പി. അനിൽകുമാർ, അങ്ങ് കീഴ്വഴക്കം പരിശോധിച്ചാൽ ഇതുസംബന്ധിച്ച്

കൃത്യമായി അങ്ങേയ്ക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട ഒരംഗത്തിന്റെ മണ്ഡലത്തിലെ വിഷയത്തിന് മറ്റൊരംഗമാണ് നോട്ടീസ് നല്കിയതെങ്കിൽ ആ അംഗത്തെ അനുവദിക്കാറുണ്ട്. (...ബഹളം....) ശ്രീ. എ. കെ. ബഷീർ... അടിയന്തരപ്രമേയവും സബ്മിഷനും തമ്മിലുള്ള വ്യത്യാസമാണ് അങ്ങാദ്യം മനസ്സിലാക്കേണ്ടത്. ഇന്നലെ സഭയിൽ സബ്മിഷനാണ് ചോദിച്ചത്. നോട്ടീസ് അദ്ദേഹം നല്കിയിരുന്നില്ല. ഇന്നത്തെ വിഷയത്തിൽ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം നേരത്തെ സബ്മിഷൻ നോട്ടീസ് നല്കിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വിഷയമാണിത്. ആ നിലയിൽ എല്ലാം കീഴ്വഴക്കം നോക്കിയാണ് ചെയ്തിരിക്കുന്നത്. (ബഹളം) പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ല... ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ., മുൻ മന്ത്രികൂടിയായ ഡോ. എം. കെ. മുനീർ ഇവിടെ കാര്യങ്ങൾ വിശദീകരിക്കുന്ന കൂട്ടത്തിൽ ഗവൺമെന്റിന് എന്തോ പിടിവാശിയും ദുർവാശിയുമുണ്ടെന്ന രീതിയിൽ പറയുകയുണ്ടായി. ഗവൺമെന്റിന് ഒരു പിടിവാശിയും ദുർവാശിയും ഇക്കാര്യത്തിലില്ല. എവിടെയായാലും

മാലിന്യസംസ്കരണ പ്ലാന്റ് വരുമെന്ന് പറയുമ്പോൾ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും കൂടിച്ചേർന്ന് അത്തരം പ്ലാന്റുകൾക്കെതിരെ മുന്നോട്ടുവരുന്ന സ്ഥിതിയാണ് പൊതുവെയുള്ളത്. യഥാർത്ഥത്തിൽ ബോധവൽക്കരണത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് മാത്രമെ നമുക്ക് അതിൽ നിന്ന് ജനങ്ങളെ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ. ഇവിടെയും അതുതന്നെയാണ് ബഹുമാനപ്പെട്ട അവതാരകൻ ചൂണ്ടിക്കാണിച്ചത്. ഡോ. എം. കെ. മുനീർ പറഞ്ഞത് ഞങ്ങളാരും ഈ പ്ലാന്റിനെതിരല്ലായെന്നാണ്. അവിടെ ഒന്നിൽ കൂടുതൽ പ്രാവശ്യം സർവ്വകക്ഷിയോഗം വിളിച്ചുചേർത്തിരുന്നു. ഏറ്റവും അവസാനം വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിലും എല്ലാവരും ഏകകണ്ഠമായി ഇത് വേണമെന്നുതന്നെയാണ് പറഞ്ഞത്. അതിനെത്തുടർന്നാണ് കളക്ടറും എസ്.പി.-യും ഉൾപ്പെടെയുള്ളവരെല്ലാം ആലോചിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങിയത്. നിർദ്ദിഷ്ട മാലിന്യപ്ലാന്റ് മാലിന്യം നീക്കംചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അവിടെ ഒഴുകിയെത്തുന്ന മലിനജലം അവിടെത്തന്നെ കെട്ടിക്കിടക്കുകയാണ്. ആ മലിനജലമുൾപ്പെടെ ദ്രവ-മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാന്റ് വഴി സംസ്കരിക്കാൻ

സാധിക്കുകയാണ് ചെയ്യുന്നത്. ഈ പ്രദേശത്ത് കുമിഞ്ഞുകൂടി കിടക്കുന്ന ദ്രവമാലിന്യം പൂർണ്ണമായും സംസ്കരിക്കുന്നതിനുവേണ്ടി സാധിക്കുന്ന ഒന്നാണിത്. അവിടെയെല്ലാവരും ചേർന്നുകൊണ്ടാണ് ഈ തീരുമാനമെടുത്തത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, 74 സെന്റ് സ്ഥലം പൂർണ്ണമായും കോർപ്പറേഷന്റെ അധീനതയിലുള്ളതാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്നുവെന്നുള്ളത് ശരിതന്നെയാണ്. കേരളത്തിൽ ഏതെങ്കിലും പ്രദേശം ജനങ്ങൾ തിങ്ങിപ്പാർക്കാത്ത സ്ഥലമാണോ ? ഒരു ഉദാഹരണം പറഞ്ഞാൽ, ഞാൻ നേരത്തെ പറഞ്ഞല്ലോ, തിരുവനന്തപുരം എന്നുപറഞ്ഞാൽ മെഡിക്കൽ കോളേജ് ഗ്രൗണ്ടിലാണ്. ചുറ്റുവട്ടം എല്ലാ സൗകര്യങ്ങളോടുകൂടിയുള്ള സംവിധാനമാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഒരു റൗണ്ടുകൂടി സംസ്കരണത്തിനുവേണ്ടി തയ്യാറായാൽ ശുദ്ധജലമായിട്ട് ഉപയോഗിക്കാൻ കഴിയുമെന്നാണ് ശാസ്ത്രജ്ഞൻമാർ പറഞ്ഞത്. ഇപ്പോൾ തോട്ടത്തിൽ കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള ജലമായിട്ടാണ് അതിനെ മാറ്റുക. പിന്നെ എവിടെയാണ് അവിടെ മാലിന്യത്തിന്റെ പ്രശ്നം വരുന്നത്? ഒരു തരത്തിലുമുള്ള യന്ത്രസാമഗ്രികളുടെ തകരാറും അവിടെയുണ്ടാകാൻ സാദ്ധ്യതയില്ല. കാരണം ഓരോ നിമിഷവും അതുസംബന്ധിച്ച് കൃത്യമായി

മോണിറ്റർ ചെയ്യുന്നതിനുവേണ്ടി 10 കൊല്ലത്തേയ്ക്ക് കോൺട്രാക്ടർക്ക് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യതയോടുകൂടിയാണ് ടെണ്ടർ ചെയ്യുന്നത്. അപ്പോൾ ഒരു തരത്തിലുമുള്ള പ്രശ്നവും ഉണ്ടാകില്ല. 3 കിലോമീറ്റർ ചുറ്റളവിൽ അവിടെ സംസ്കരിക്കുന്ന ജലം കൃഷിക്കുവേണ്ടി ഉപയോഗിക്കാൻ സാധിക്കുന്നതാണ്. അല്ലെങ്കിൽ വേറെ എന്താവശ്യത്തിനുവേണ്ടിയാണെങ്കിലും ഉപയോഗിക്കാൻ സാധിക്കുന്നതാണ്. അപ്പോൾ യാതൊരുതരത്തിലുള്ള പ്രശ്നവും സൃഷ്ടിക്കില്ല എന്നുമാത്രമല്ല, മാലിന്യപ്ലാന്റ് വഴി മാലിന്യം ഉണ്ടാകാത്ത ഇല്ലാത്ത ശുചിത്വമാർന്ന ഒരു പ്രദേശമാക്കി മാറ്റുകയാണ് ചെയ്യുന്നത്.

ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചിട്ടുള്ളത്, അവിടെ സമരമുണ്ടായി എന്നുള്ളതാണ്. യഥാർത്ഥത്തിൽ സമരത്തിനുപിന്നിൽ പ്രവർത്തിച്ചത് എസ്.ഡി.പി.ഐ.-യും ജമാഅത്തെ ഇസ്ലാമിയും തന്നെയാണ്. ഒരുസംശയവും വേണ്ട അവരാണ് ഇതിന്റെ പ്രചാരകരായി.. (.... ബഹളം.....) ബഹുമാനപ്പെട്ട മുനീർ തന്നെ ചൂണ്ടിക്കാണിച്ചതുപോലെ, സർവ്വകക്ഷികൾ പൂർണ്ണമായും അംഗീകരിച്ചതിനുശേഷം അവിടെ ഇങ്ങനെയുള്ള ഒരു കുഴപ്പമുണ്ടാക്കണമെങ്കിൽ അതിന്റെ പിന്നിൽ തീവ്രവാദ പ്രവർത്തനങ്ങൾകൊണ്ടുമാത്രമെ സാധിക്കുകയുള്ളൂ. എല്ലാവരും

അതിനുപിന്നിലേയ്ക്ക് വരാൻ സാദ്ധ്യതയുണ്ടെന്നുള്ളത് വേറെ കാര്യം. അതിന്റെ നേതൃത്വപരമായ പങ്ക് വഹിക്കാൻ ഒരു രാഷ്ട്രീയപാർട്ടിയും അവിടെ ഉണ്ടായിരുന്നില്ല. കാരണം എല്ലാവരും കൂടിച്ചേർന്ന് തീരുമാനിച്ചതാണ്. പിന്നെയുണ്ടായിരുന്നത് ഈ പറയുന്ന എസ്.ഡി.പി.ഐ.-യും അതുപോലെതന്നെ ജമാഅത്തെ ഇസ്ലാമിയും ഉൾപ്പെടെയുള്ള തീവ്രവാദ വിഭാഗങ്ങൾ തന്നെയാണ്. ആ തീവ്രവാദ വിഭാഗങ്ങൾക്ക് പിന്തുണ (.... ബഹളം.....) അല്ലെങ്കിൽ അവർ ഉപയോഗിച്ച തെറ്റായ പ്രചരണത്തിൽ വശംവദരായിട്ടുള്ള ആളുകളാണ് അതിൽ കുടുങ്ങിപ്പോയിട്ടുള്ളത്. അവരെയെല്ലാം ശരിയായ ദിശയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന് ബഹുമാനപ്പെട്ട മുനീർ ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയപാർട്ടികളിലുംപെട്ട പ്രതിനിധികൾ സജീവമായി രംഗത്തിറങ്ങിയാൽ ഈ പ്രശ്നം പരിഹരിക്കാനാകും.

ഇവിടെ പോലീസുകാരുടെ മർദ്ദനമേറ്റ കാര്യം ചൂണ്ടിക്കാണിച്ചില്ലേ; 8 പോലീസുകാരാണ് ജനറൽ ആശുപത്രിയിൽ കിടക്കേണ്ടി വന്നത്. അപ്പോൾ ഈ രീതിയിലുള്ള ഒരു സംഭവം അവിടെയുണ്ടായി. ഇങ്ങനെയുള്ള ഒരു സംഭവം അവിടെ ഉണ്ടാകണമെന്ന് ആരും ആഗ്രഹിക്കുന്നില്ല. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, ഒരു പിടിവാശിയും നമുക്കില്ല. പക്ഷെ,

സ്വീവേജ് പ്ലാന്റ് പോലുള്ള ദ്രവമാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള സംവിധാനം നമുക്ക് ഒരുക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ സാധിക്കില്ല. ഒരു നവകേരളം എന്ന നമ്മുടെ കാഴ്ചപ്പാട് കേരളത്തിന്റെ കാഴ്ചപ്പാടാണ്. ആ കാഴ്ചപ്പാട് നടപ്പിലാക്കുന്നതിനുവേണ്ടി ഇത്തരം വളരെ പ്രധാനപ്പെട്ട വികസനപ്രവർത്തനത്തിന്റെ ഭാഗമായിട്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടുമാത്രമെ സാധിക്കുകയുള്ളൂ. ജനങ്ങളെ അതിന്റെ ശാസ്ത്രീയത ബോദ്ധ്യപ്പെടുത്തുന്നതിന് നമ്മളെല്ലാവരും കൂടി ചേർന്നുകൊണ്ടുള്ള ബോധപൂർവ്വമായ പ്രവർത്തനമുണ്ടാകണമെന്നും ശാസ്ത്രീയമായ മാലിന്യസംസ്കരണ കേന്ദ്രങ്ങളില്ലാതെ നമ്മുടെ നാടിന് മുന്നോട്ടുപോകാനാവില്ലെന്നുമാണ് ഇതുസംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്.

ആവിക്കൽ തോടിന്റെ നിലവിലെ അവസ്ഥ കൂടി ഈ മാലിന്യപ്ലാന്റ് സ്ഥാപിക്കുന്നതുവഴി മാറ്റുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. മാലിന്യം കുന്നുകൂടുന്ന സ്ഥിതിയല്ല ഉണ്ടാവുക, അത് പൂർണ്ണമായിട്ടും പരിഹരിക്കാൻ സാധിക്കും, അതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന്റെ അനന്തരഫലമായുണ്ടായ കാര്യങ്ങളെല്ലാം നമ്മൾ ഗൗരവത്തോടുകൂടി

തന്നെയാണ് കണ്ടത്. കാരണം 8-ഓളം പോലീസുകാർ ആശുപത്രിയിൽ കിടക്കേണ്ട അവസ്ഥ വന്ന ആ പശ്ചാത്തലം കൂടി കണ്ടുകൊണ്ടുവേണം അവിടെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ. എല്ലാവരുടെയും പിന്തുണയോടുകൂടി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കണം.

കോർപ്പറേഷന്റെ കയ്യിലുള്ള 74 സെന്റ് സ്ഥലം, നമുക്ക് അവിടെ കോർപ്പറേഷന്റെ ഭാഗമായിട്ട് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാം. കോർപ്പറേഷനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഇതിനെ മാറ്റാമെന്നാണ്. തിരുവനന്തപുരത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ അത്രയും കൂടി സ്ഥലമില്ല. അവർക്ക് ചുറ്റുവട്ടത്തുള്ള സ്ഥലം എടുക്കേണ്ടിവരികയാണ്. അവിടെ 74 സെന്റ് സ്ഥലമുണ്ട്. അത്രയൊന്നും സ്ഥലം ഇതിന് എടുക്കേണ്ടിവരില്ല. 74 സെന്റ് സ്ഥലത്ത് ആളുകളെ ആകർഷിക്കുന്ന കോഴിക്കോട് പട്ടണത്തിന്റെ അടുത്തുതന്നെയാണ്. ആളുകളെ ആകർഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പൂന്തോട്ടം അതുപോലെതന്നെ കുട്ടികൾ ഉല്ലസിക്കുന്നതിനുവേണ്ടിയുള്ള ഒരു പാർക്ക് ഉൾപ്പെടെ.... എല്ലാ അർത്ഥത്തിലും ആധുനികസമൂഹം അങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവിടെ മാലിന്യപ്ലാന്റ് എന്ന് കേൾക്കുമ്പോൾ നമ്മുടെ ബോധത്തിനുതന്നെ മാറ്റം വരികയാണ്. അത് മാറണം നേരെമറിച്ച്, മാലിന്യപ്ലാന്റ്

പരിഷ്കൃതസമൂഹത്തിന്റെ ഭാഗമായി അത്യന്താധുനികരീതിയിലുള്ളതാണ്. ടെക്നോളജി ഉപയോഗിച്ചുകൊണ്ടാണ് അവിടെ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. അതുകൂടി വന്നാൽ നമുക്ക് കോഴിക്കോട് പട്ടണത്തിന്റെ ഏറ്റവും അടുത്തുള്ള പ്രദേശത്ത് ഒരു നല്ല ഡെസ്റ്റിനേഷനായി അതിനെ രൂപപ്പെടുത്താൻ കഴിയും. അതിനുവേണ്ടി കോർപ്പറേഷൻ കൂടി ശ്രമിക്കുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. തിരുവനന്തപുരം കോർപ്പറേഷൻ അതിനുവേണ്ടി 3 കോടിരൂപയാണ് മാറ്റിവച്ചിട്ടുള്ളത്. അതൊരു നല്ല പാർക്കായി പൂന്തോട്ടമായി മാറാൻപോകുകയാണ് യാതൊരുതരത്തിലുള്ള മാലിന്യപ്രശ്നവും അവിടെ പിന്നീട് ഉണ്ടാകാൻ പോകുന്നില്ല; ഉള്ള പ്രശ്നം പരിഹരിക്കപ്പെടുകയാണ് ചെയ്യുക. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ ഫസ്റ്റ് പ്രയോറിറ്റി കൊടുക്കേണ്ടത് ഖര-ദ്രവ്യ-മാലിന്യസംസ്കരണത്തിനാണ്

എന്നതിനോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു. സർക്കാർ ഇത്തരത്തിൽ ചെയ്യുന്ന എല്ലാ പദ്ധതികൾക്കും പ്രതിപക്ഷത്തിന്റെ പൂർണ്ണമായ പിന്തുണയുണ്ടാകും. ഇവിടെയുള്ള പ്രശ്നമെന്താണ്? അങ്ങ് ആ സ്ഥലത്ത് പോയിട്ടുണ്ടോ; ഞാൻ ആ സ്ഥലത്ത് പോയ ആളാണ്. ആ സ്ഥലം നിങ്ങൾ പോയി കാണണം. ഇതുപോലൊരു പദ്ധതി നടപ്പാക്കാൻ പറ്റിയ സ്ഥലമാണോയെന്ന് നോക്കണം. അവിടെ ആയിരക്കണക്കിനാളുകളും മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ്. അവിടെയുള്ള സാധാരണക്കാരായ മനുഷ്യർക്ക് ഇപ്പോൾതന്നെ ജീവിക്കാൻ കഴിയുന്നില്ല. മണ്ണെണ്ണയുടെ വില അറിയാം, കടലിൽ പോകാൻ കഴിയുന്നില്ല; കടലിൽ മത്സ്യലഭ്യത കുറവാണ്. അവർ ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന, ദുരിതമനുഭവിക്കുന്ന സമൂഹത്തിലെ ആളുകളാണ്. അവിടെയുള്ള വീടുകൾ അടുക്കിയടുക്കിവച്ചിരിക്കുന്നതാണ്. അതിനിടയിൽ കോർപ്പറേഷന് ഒരു സ്ഥലമുണ്ടെന്നു കരുതി അവിടെയാണോ ചെയ്യേണ്ടത്? അവിടെ പുഴയ്ക്ക് സമാനമായ വലിയ വീതിയേറിയ ഒരു തോടുണ്ട്. ആ തോടിന്റെ കരയിലാണ് ഈ മാലിന്യപ്ലാന്റ് കൊണ്ടുവരുന്നത്. ഒരു വണ്ടി അങ്ങോട്ടുപോയാൽ എതിരെ വരുന്ന ഒരു വണ്ടിക്ക് സൈഡ് കൊടുക്കാൻപോലും സ്ഥലമില്ലാതെ വളരെ ഇടുങ്ങിയ ഒരു പ്രദേശമാണത്.

അവിടെ നേരത്തെ തണ്ണീർത്തടമായിരുന്ന സ്ഥലം നികത്തിയെടുത്തതാണ്. നിങ്ങൾക്ക് ഇത്രയും സുതാര്യമായിട്ടുള്ള പൂന്തോട്ടമുണ്ടാക്കാനുള്ള പദ്ധതിയായിരുന്നെങ്കിൽ, നേരത്തെ ജനങ്ങളോട് നിങ്ങൾ ഇവിടെ പൂന്തോട്ടം കൊണ്ടുവരാം; ഗംഭീരമാക്കാം എന്നൊക്കെ പറയണ്ടേ; നിങ്ങൾ അങ്ങനെയല്ലല്ലോ ചെയ്തത്? അവിടെ പാർക്കിംഗ് സ്പേസ് എന്ന വ്യാജേന ഈ തണ്ണീർത്തടം നികത്തും; അവിടെയുള്ള ജനങ്ങൾ അറിയുന്നില്ല, വാർഡ് കൗൺസിലർ അറിയുന്നില്ല. ഒരു എസ്.ഡി.പി.ഐ.-യും ഒരു വെൽഫെയർ പാർട്ടിയുമല്ല, യു.ഡി.എഫിന്റെ കൗൺസിലറാണ് അവിടെയുള്ളത്. യു.ഡി.എഫ്. വലിയ ഭൂരിപക്ഷത്തിൽ ജയിക്കുന്ന സ്ഥലമാണത്. അവിടെ വേറെയാരും വേണ്ട; ആ കൗൺസിലർപോലും അറിയാതെ അവിടെയൊരു പദ്ധതി വരികയാണ്. ഏതു പദ്ധതി കൊണ്ടുവരുമ്പോഴും അതു സുതാര്യമായിട്ട് കൊണ്ടുവരണ്ടേ. ....(ബഹളം).... ഞാൻ മന്ത്രിയോടാണ് പറയുന്നത്.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: നമ്മൾ എത്ര സംയമനത്തോടുകൂടി എത്ര മര്യാദയോടുകൂടിയാണ് സംസാരിക്കുന്നത്. എന്താ നിങ്ങൾ പ്രകോപിപ്പിക്കുന്നത്. (ബഹളം...) പ്രതിപക്ഷനേതാവ് പ്രസംഗിക്കുമ്പോൾ

നിരന്തരമായി ശല്യപ്പെടുത്തണമെന്ന് നിങ്ങൾ തീരുമാനിച്ചാൽ നടപ്പാക്കുക. ഞങ്ങൾ നാൽപ്പത്തിയൊന്ന് പേരെ ഉള്ളൂ. അങ്ങോട്ടും നടപ്പാക്കാം. നിരന്തരമായി ശല്യപ്പെടുത്തുകയാണ്. വളരെ ഗൗരവത്തോടുകൂടി ഞാനൊരു കാര്യം അവതരിപ്പിക്കുകയാണ്. പാവപ്പെട്ട മനുഷ്യരുടെ സങ്കടങ്ങൾ പറയുകയല്ലേ. അതിവിടെയല്ലാതെ എവിടെപ്പോയി പറയണം. അസംബ്ലിയുടെ മുമ്പിൽ മൈക്ക് കെട്ടിവച്ച് പറഞ്ഞാൽ മതിയോ. നിയമസഭയിൽ പറയണ്ടേ. അതിനല്ലേ ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ട് ഇവിടെ വന്നു ഇരിക്കുന്നത്. ആരു തടസ്സപ്പെടുത്തിയാലും ഞങ്ങൾ അവതരിപ്പിക്കും. ഇതൊന്നും ശരിയല്ല. ഗൗരവമുള്ള കാര്യമാണ്. തണ്ണീർത്തടം നികത്തി ആരുമറിയാതെ കൊണ്ടുവരികയാണ്. (ബഹളം).

<u>മി. സ്പീക്കർ</u>: ഇങ്ങനെ പോകാനാവില്ല. അദ്ദേഹം സംസാരിക്കട്ടെ. ....(ബഹളം)...... പ്രതിപക്ഷനേതാവ് തുടരൂ. ചെയർ നോക്കുന്നുണ്ട്. ഇങ്ങനെ തുടർച്ചയായി ഇടപ്പെട്ടുകൊണ്ടിരിക്കാൻ പറ്റില്ല. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. നിങ്ങളിരിക്കൂ. ....(ബഹളം)...... ഇരുകൂട്ടരോടും ആവർത്തിച്ചു പറയാറുള്ളതാണ്. ഇപ്പോൾ അദ്ദേഹത്തിനു സംസാരിക്കാനുള്ള അവസരമാണ്. നിങ്ങൾ സമയം കവർന്നെടുക്കരുത്. ....(ബഹളം)...... ശ്രീ. പി. കെ. ബഷീർ എല്ലാവരും ഇരുന്നാലും അങ്ങേയ്ക്ക് ഇരിക്കാൻ പറ്റില്ലേ.

<u>ശ്രീ. വി. ഡി. സതീശൻ</u>: വിളപ്പിൽശാല ഉൾപ്പെടെയുള്ള അനുഭവ പാഠങ്ങൾ നമ്മുടെ മുമ്പിലുണ്ട്. എല്ലാവരും തൃക്കാക്കരയിൽ ഇറങ്ങിവന്നതാണല്ലോ. തൃക്കാക്കരയുടെ അതിർത്തിയിൽ ഒരു പുഴ ഒഴുകുന്നുണ്ട്. കടമ്പ്രയാർ. കടമ്പ്രയാറിന്റെ ഇപ്പുറത്ത് നിന്ന് നോക്കിയാൽ കാണാം ബ്രഹ്മപുരം പ്ലാന്റ്. എന്തായിരുന്നു പരാതി. ബ്രഹ്മപുരത്തുകാരെ നിങ്ങളൊന്നും കണ്ടിട്ടില്ല. അക്കരെ പോയിട്ടില്ല. തൃക്കാക്കരയിൽ അവർക്ക് വോട്ടില്ല. പക്ഷേ  അപ്പുറത്തുള്ള മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതിന്റെ പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ ഇപ്പുറത്തുള്ള ഫ്ലാറ്റുകളിലും വീടുകളിലും ഒക്കെയുള്ള ആളുകൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. ഞങ്ങളൊക്കെ അവിടെപ്പോയി. ഒരുപാട് പ്രശ്നങ്ങൾ അവർ പറയുകയാണ്. കണ്ടാൽ  സഹിക്കുകയില്ല. ബ്രഹ്മപുരം പ്ലാന്റ് ഞാനൊരു ഫ്ലാറ്റിന്റെ മുകളിൽ കയറി നോക്കി. എങ്ങനെയാ കിടക്കുന്നത്. മുഴുവനും ഒഴുകി ആ കടമ്പ്രയാറിലേക്ക് ഒഴുകി പോകുകയാണ്. എല്ലാ സാധനങ്ങളും ഒഴുകി പോകുകയാണ്. ഒരു ശ്രദ്ധയുമില്ല. കോർപ്പറേഷനുകളൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊക്കെ ഇങ്ങനെയാണ് മാലിന്യപ്ലാന്റുകൾ കൈകാര്യം ചെയ്യുന്നതെങ്കിൽ നമ്മൾ എവിടെപ്പോയെത്തും. വിളപ്പിൽശാലയിലെ അനുഭവം ഉണ്ടായതെന്താണ്. അത്തരം

അനുഭവങ്ങളുടെ...

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിളപ്പിൽശാല മാലിന്യസംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടി പന്ത്രണ്ട് ഏക്കർ ആറ് സെന്റ് ഭൂമി ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്ന അവസരത്തിലാണ് വാങ്ങിയത്. ഞാൻ തിരുവനന്തപുരം കോർപ്പറേഷൻ മേയറായി വന്ന അവസരത്തിലാണ് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കോർപ്പറേഷനോ ഗവൺമെന്റിനോ യാതൊരു ചെലവുമില്ലാതെ ഇന്ന് ലോകത്തെമ്പാടും പരീക്ഷിച്ചുകൊണ്ടിരിക്കുന്ന, വിജയിച്ചുകൊണ്ടിരിക്കുന്ന വളനിർമ്മാണ ഫാക്ടറി അവിടെ സ്ഥാപിച്ചത്. നേരത്തെ ഇവിടെ സൂചിപ്പിച്ച എല്ലാ പാർട്ടികളും സമ്മതിച്ചു. വിജയവാഡയിൽ ഫാക്ടറി കൊണ്ടുകാണിച്ചു. പതിനഞ്ചു വർഷം നന്നായി മുന്നോട്ടുപോയിരുന്നു. തെരഞ്ഞെടുപ്പ് സമയത്ത് ബഹുമാനപ്പെട്ട യു.ഡി.എഫ്.- ന്റെ നേതാക്കന്മാർ അവിടെ വന്ന് പ്രസംഗിച്ചു. ഞങ്ങൾ ഈ പ്രാവശ്യം ജയിക്കുമെങ്കിൽ ഈ വിളപ്പിൽശാല പൂട്ടുമെന്ന് പറഞ്ഞു. ശ്രീ. ശക്തൻ നാടാർ അവിടെ ജയിച്ചു. ആ വാക്കു പാലിക്കുന്നതിനുവേണ്ടി മന:പൂർവ്വം ബോധപൂർവ്വം രാഷ്ട്രീയപരമായി ആ സ്ഥാപനം പൂട്ടിയതാണ്. അതുകൊണ്ട് വിളപ്പിൽശാല പറഞ്ഞ് പറഞ്ഞ് വിളപ്പിൽശാല എന്തോ ഒരു

വലിയ പ്രശ്നമാണെന്ന് പറയേണ്ട ഒരുകാര്യവുമില്ല.

ശ്രീ. വി. ഡി. സതീശൻ: നമ്മൾ മന്ത്രിമാർക്കൊക്കെ വഴങ്ങുന്നത് ഇതുമായി ബന്ധപ്പെട്ടാണ്. വിളപ്പിൽശാലയുടെ കാര്യമല്ല ഇവിടെ ചർച്ച ചെയ്യുന്നത്. ഞാൻ സൂചന തന്നതാണ്. ജനങ്ങളുടെ എതിർപ്പ് എങ്ങനെയാ ഉണ്ടായത്? ഒരു നഗരത്തിലെ മുഴുവൻ മാലിന്യങ്ങൾക്കൊണ്ടുപ്പോയി നിക്ഷേപ്പിക്കപ്പെടേണ്ട ഒരു സ്ഥലമാണോ ഗ്രാമം. അങ്ങനെയുള്ള സ്ഥലമല്ലല്ലോ. ഒരു നഗരത്തിന്റെ വിഴുപ്പും നഗരത്തിന്റെ മുഴുവൻ മാലിന്യങ്ങളും ഏറ്റു വാങ്ങേണ്ട സ്ഥലമാണോ ഒരു ഗ്രാമം. നിങ്ങൾ ആലോചിക്കണം. നല്ല ഉദ്ദേശ്യത്തിലായിരിക്കും ഭൂമി വാങ്ങിയത്. നല്ല ഉദ്ദേശ്യത്തിലായിരിക്കും പ്ലാന്റ് തുടങ്ങിയത്. പക്ഷേ സാധനങ്ങൾ ചെന്നുകഴിഞ്ഞപ്പോൾ ഉണ്ടായ പ്രശ്നങ്ങൾ, അത് കൈകാര്യം ചെയ്ത രീതി. നമ്മൾ ഏത് പദ്ധതി തുടങ്ങണമെങ്കിലും പദ്ധതിക്കൊരു സുതാര്യത ഉണ്ടാവണം. നമ്മൾ ജനങ്ങളുമായി ആശയവിനിമയം നടത്തണം. പദ്ധതി ആരംഭിച്ചു കഴിഞ്ഞതിനുശേഷം അവിടെ സമരം തുടങ്ങിയപ്പോൾ ഭാവിയിൽ പൂന്തോട്ടം ആക്കുമെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ. ഈ തോടുകളിൽ അല്ലെങ്കിൽതന്നെ ധാരാളം മാലിന്യങ്ങൾ വരികയാണ്. അവിടെ ഒരു മഴ പെയ്താൽ വെള്ളം പൊങ്ങുന്ന സ്ഥലമാണ്. നൂറു കണക്കിന് വീടുകളിൽ

വെള്ളം പൊങ്ങും. പാവപ്പെട്ടവൻ ജീവിക്കുന്ന സ്ഥലമാണ്. ഒരുസ്ഥലത്തേയ്ക്ക് പോകാൻപോലും ഇടമില്ലാത്ത പാവങ്ങളാണ്. നമ്മുടെ വീട്ടിൽ വെള്ളം കയറിയാൽ വേറൊരു സ്ഥലത്തേയ്ക്ക് പോകാം. വേറൊരു സ്ഥലംപോലുമില്ലാത്ത സാധാരണക്കാരായ പാവങ്ങളാണ്. ഈ തണ്ണീർത്തടം നികത്തിയതോടുകൂടി അവിടെ വെള്ളം കൂടുതൽ പൊങ്ങുകയാണ്. അവിടെ ഒരു മാലിന്യ പ്ലാന്റുകൂടി വരികയാണെങ്കിൽ.... നേരത്തെയുള്ള വേസ്റ്റുകളെല്ലാം പ്രമേയ അവതാരകൻ സൂചിപ്പിച്ച തരത്തിലുള്ള വേസ്റ്റുകളെല്ലാം ഒഴുകിയെത്തുന്ന പ്രദേശമാണ്. അല്ലാതെതന്നെ നിരവധിയായിട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്ന സ്ഥലംകൂടിയാണ്. മാത്രമല്ല ഇവർ പറഞ്ഞിരിക്കുന്നത് എല്ലാ ദിവസവും ക്ലീൻ ചെയ്യപ്പെടുന്ന വെള്ളം കൊണ്ടുപോകാൻ അഞ്ഞൂറ് ടാങ്കർ ലോറിയെങ്കിലും വേണ്ടിവരും. അഞ്ച് ടാങ്കർ ലോറി കയറിയാൽ പിന്നെ അവിടെ ഒരു ഇരുചക്രവാഹനംപോലും പോകില്ല. അങ്ങനെയുള്ള സ്ഥലത്ത് എല്ലാ ദിവസവും അഞ്ഞൂറ് ടാങ്കർ ലോറിക്കൊണ്ടുപോയിട്ട് ട്രീറ്റ് ചെയ്ത വെള്ളം കൊണ്ടുപോകുവാൻ പറ്റുമോ? ഇംപോസിബിൾ ആണ്. സാധാരണക്കാരായ മനുഷ്യർ ചോദിക്കുന്ന ചോദ്യങ്ങളാണ്. ഈ സ്ഥലത്തേയ്ക്ക് അഞ്ഞൂറ് ടാങ്കർ ലോറി എങ്ങനെവരുമെന്ന് നമ്മുടെ മുമ്പിൽനിന്ന് ചോദിക്കുകയാണ്. ആ

ഇടവഴിയിൽക്കൂടി നമ്മൾതന്നെ ബുദ്ധിമുട്ടിയാണ് അവിടെ എത്തുന്നത്. ആ ഒരു സ്ഥലത്തേയ്ക്ക് അഞ്ഞൂറ് ടാങ്കർ ലോറി കൊണ്ടുവന്ന് എങ്ങനെ ഈ ട്രീറ്റ് ചെയ്ത വെള്ളം കൊണ്ടുപോകും? അപ്പോൾ പിന്നെ ചെയ്യാൻ പോകുന്നതെന്താ? ട്രീറ്റ് ചെയ്ത വെള്ളം ഒഴുക്കി വിടാൻ പോകുന്നത് ഈ തോട്ടിലേക്കാണ്. ഈ തോട് ചെന്നെത്തുന്നത് ഹാർബറിലേക്കാണ്. അവിടുത്തെ ഹാർബറിന്റെ പ്രത്യേകത ബ്രേക്ക് വാട്ടർ സിസ്റ്റമാണ്. ഈ ഒഴുകിപ്പോകുന്ന വെള്ളം കെട്ടി നിൽക്കും. അവിടെ മൽസ്യത്തൊഴിലാളികളുടെ വഞ്ചികൾ അടുക്കുമ്പോൾ അരയ്ക്കൊപ്പം വെള്ളത്തിൽനിന്നിട്ടാണ് വഞ്ചി അടുപ്പിച്ച് കരയിലേക്ക് കയറ്റുന്നത്. ഹാർബറിലേക്ക് വെള്ളം ഒഴുകിയെത്തിയാൽ ബ്രേക്ക് വാട്ടർ സിസ്റ്റമുള്ള ഒരു സ്ഥലത്ത് ഈ ട്രീറ്റ് ചെയ്ത വെള്ളംമുഴുവൻ കെട്ടി നിൽക്കും. അവരുടെ പരാതികളാണ്. അവർ ഗൗരവത്തോടുകൂടി അവതരിപ്പിക്കുന്ന കാര്യങ്ങളാണ്. ഇതെല്ലാം നമുക്ക് മനസ്സിലാകണ്ടേ. വ്യാപകമായിട്ടുള്ള ഇത്തരം പരാതികൾ അവർ ഉയർത്തുമ്പോൾ, അവർ സമരം ചെയ്യും. പ്രത്യേകിച്ച് നമുക്കറിയാമല്ലോ കടപ്പുറത്തൊക്കെയുള്ള ആളുകളാണ്. അവർക്കൊക്കെ ഒരുപാട് ജീവിത പ്രാരാബ്ധങ്ങളും പ്രശ്നങ്ങളുമുള്ള മനുഷ്യരാണ്. അവരുടെ സ്ഥലത്തേയ്ക്ക്...... നിങ്ങൾ ഒന്നു ആലോചിച്ചു നോക്കു നമ്മളെല്ലാം

താമസിക്കുന്ന വീടിന്റെ അടുത്താണ് ഇങ്ങനെയൊരു മാലിന്യപ്ലാന്റ് വന്നാൽ എന്തായിരിക്കും നമ്മുടെയെല്ലാം പ്രതികരണം. നമുക്ക് ഹിപ്പോക്രസി പാടില്ല. നമ്മളൊക്കെ വലിയ ആൾക്കാരല്ലേ. നമ്മളൊക്കെ താമസിക്കുന്ന സ്ഥലത്ത് കക്കൂസ് മാലിന്യം കൊണ്ടുപ്പോയി ട്രീറ്റ് ചെയ്യുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഞാനൾപ്പെടെ  താമസിക്കുന്ന വീടിന്റെ അരികിൽ കൊണ്ടുപോയി വച്ചാൽ നമ്മുടെയെല്ലാം പ്രതികരണം എങ്ങനെയായിരിക്കുമെന്ന് നമ്മളൊന്ന് ആലോചിച്ചു നോക്കിയാൽ മതി. ആ പാവങ്ങൾക്ക് ഇങ്ങനെയല്ലേ പ്രതികരിക്കാൻ പറ്റുകയുള്ളൂ. വേറെ സ്വാധീനമൊന്നും ഇല്ലല്ലോ. നിർത്തി വയ്പ്പിക്കാനും മാറ്റി വയ്പ്പിക്കാനുമുള്ള സ്വാധീനമൊന്നും ഇല്ലല്ലോ. അവർ അവരുടെതായ രീതിയിൽ സമരം ചെയ്തു. വൈകാരികമായിട്ടുള്ള വിഷയമായെടുത്ത് അവർ സമരം ചെയ്തു. എന്തു ക്രൂരതയാണ് പോലീസുകാർ ചെയ്തത്. ഞാനിപ്പോൾ ചില ഉദ്യോഗസ്ഥന്മാർ മുഖ്യമന്ത്രി പറഞ്ഞിട്ട് അവരെ മുഴുവൻ തല്ലിചതച്ചതാണെന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുന്നില്ല. രാജാവിനെക്കാൾ രാജഭക്തി കാണിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുണ്ട്. അവർ അവിടെ ചെന്ന് സമരം ചെയ്യുന്നവരെ പ്രകോപിപ്പിക്കുകയാണ് ചെയ്യുന്നത്. നല്ല ഉദ്യോഗസ്ഥന്മാരാണെങ്കിൽ പ്രകോപിതരായി വരുന്ന ആളുകളെപ്പോലും കൈകാര്യം ചെയ്യാൻ കഴിയും. ഇത് അതല്ല. ജനങ്ങൾ

വൈകാരികമായി പ്രതിഷേധിക്കുമ്പോൾ സ്ത്രീകളെയൊക്കെ ആക്രമിച്ച് ക്രൂരമായി മർദ്ദനം നടത്തുകയാണ്. ലാത്തിചാർജ് നടന്ന് കാലൊടിഞ്ഞ് കിടക്കുന്ന ഒരു സ്ത്രീയെ ഞാൻ അവിടെ കഴിഞ്ഞ പ്രാവശ്യം സന്ദർശിച്ചു. ആ വീട്ടിലേയ്ക്ക് പോകാൻപോലും സാധിക്കില്ല. ഒരാൾ എതിരെ വന്നുകഴിഞ്ഞാൽ നമുക്ക് അങ്ങോട്ടേയ്ക്ക് കടക്കാൻ സാധിക്കുകയില്ല. അയാൾ മാറിയിട്ടേ ആ ഇടവഴിയിൽക്കൂടി കയറാൻ സാധിക്കുകയുള്ളൂ. ചേരികൾ പോലുള്ള സ്ഥലങ്ങളാണ്. അവിടെ മനുഷ്യർ എങ്ങനെ ജീവിക്കുന്നുവെന്ന് കണ്ടാൽ സങ്കടം വരും. അവിടെയുള്ള പാവങ്ങളുടെ പ്രതിഷേധമാണ്, പ്രതികരണമാണ്. നമ്മൾ ഒന്നുകൂടി ഗൗരവമായിട്ടെടുക്കണം. ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ഇതൊന്ന് നിർത്തി വച്ച് ചർച്ച ചെയ്യൂ. കോഴിക്കോട് ഇതുപോലൊരു പ്ലാന്റ് പണിയാൻ എത്രയോ സ്ഥലങ്ങളുണ്ട്. നിങ്ങൾ എന്തുകൊണ്ട് ഈ പാവപ്പെട്ടവരുടെ, ജീവിക്കുന്നവരുടെ നെഞ്ചത്ത് ഇങ്ങനെയൊരു സംഭവമായി കൊണ്ടുപോകുന്നു. ഇഷ്ടംപോലെ സ്ഥലങ്ങളുണ്ടെന്ന് പ്രമേയാവതാരകൻ തന്നെ പറഞ്ഞല്ലോ. ആർക്കും ഒരു ബുദ്ധിമുട്ടുമില്ലാത്ത, പ്രയാസമില്ലാത്ത സ്ഥലങ്ങളുണ്ട്. നിങ്ങൾ ഇത് നിർത്തി വച്ച് ചർച്ച ചെയ്ത് അവരുടെ ആവലാതികൾ പരിഹരിച്ച് അവരുടെ പ്രശ്നങ്ങൾ തീർത്ത് അവരെയൊന്ന് മനസ്സിലാക്കൂ. ആരെങ്കിലും സമരം ചെയ്യുമ്പോൾ

എസ്.ഡി.പി.ഐ. ആണ്, തീവ്രവാദികളാണ്, ജമാ അത്തെ ഇസ്ലാമിയാണ്, അർബൻ നക്സലൈറ്റ് ആണെന്നാണ് പറയുന്നത്. ഇതൊക്കെ എന്താണ്; സമരം ചെയ്യുന്നയാളുകളെ മുഴുവൻ തീവ്രവാദികളും അർബൻ നക്സലൈറ്റുകളുമൊക്കെയായി ചിത്രീകരിക്കുന്ന രീതി ശരിയല്ല. ഇത്തരമൊരു സമീപനം സാധാരണക്കാരനോട് പാർശ്വവൽക്കരിക്കപ്പെട്ട ജീവിതം നയിക്കുന്ന പാവപ്പെട്ടവനോടുള്ള ഈ ഗവൺമെന്റിന്റെ അടിച്ചമർത്തൽ നയത്തെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

മി. സ്പീക്കർ: നേരത്തെ അടിയന്തര പ്രമേയത്തിൽ ഇടപെട്ട് സംസാരിക്കാൻ ശ്രീ. തോട്ടത്തിൽ രവീന്ദ്രന് അവസരം കൊടുത്തതിനെ കുറേയംഗങ്ങൾ ചോദ്യം ചെയ്തു. കീഴ്വഴക്കമുണ്ടെന്ന് ചെയർ അപ്പോൾ തന്നെ വ്യക്തമാക്കിയതുമാണ്. പതിനഞ്ചാം കേരള നിയസഭയിൽത്തന്നെ 05-08-2021-ന് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ ഇടപെട്ട് സംസാരിക്കാൻ ശ്രീ. വി. ശശിയെ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ പതിനാലാം കേരള നിയമസഭയിൽ നിരവധി ഉദാഹരണങ്ങളുണ്ട്.

സബ്മിഷനിൽ ഇടപെട്ട് സംസാരിക്കാൻ അനുവദിക്കാറില്ല. അതുകൊണ്ട് തെറ്റായ ധാരണ സൃഷ്ടിക്കരുത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഡോ. എം. കെ. മുനീറും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അവിടത്തെ ദയനീയമായ സ്ഥിതി വരച്ചുകാണിച്ചതുകൊണ്ട് ഞാൻ ഇനി അതിനെക്കുറിച്ച് ആവർത്തിക്കുന്നില്ല. വളരെ ദയനീയമായൊരു സ്ഥിതി അവിടെയുണ്ട്. വെറുതെയൊരു പൂന്തോട്ടം ഉണ്ടാക്കാനുള്ള സ്ഥലം തന്നെ അവിടെയില്ല. അത്ര thickly populated ആണ് ആ പ്രദേശം. അതാണ് പ്രശ്നം. നൂറുശതമാനം സയന്റിഫിക് ആണെങ്കിലും വേറെ മാലിന്യ പ്രശ്നങ്ങളൊന്നും ഉണ്ടാകുന്നില്ലെങ്കിലും അവിടെയൊരു ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള സ്ഥലമില്ല. ആ പ്രദേശം അത്ര ജനനിബിഡമാണ്. അതുകൊണ്ട് ഇവിടെ ഡിമാന്റ് എന്നുപറയുന്നത് മാലിന്യം സംസ്കരിക്കണ്ട എന്നുള്ളതല്ല wrong place ആണ് കോർപ്പറേഷൻ തെരഞ്ഞെടുത്തിരിക്കുന്നത്. വളരെ wrong ആയിട്ടുള്ള ഒരു സ്ഥലത്ത് കൊണ്ടുപോയി ഒരു കാരണവുമില്ലാതെ, പല സ്ഥലത്തുനിന്നും ഒഴുകി വരുന്ന വെള്ളം ഈ രീതിയിൽ ട്രീറ്റ് ചെയ്യാൻ കോഴിക്കോട് കോർപ്പറേഷനിൽ വേറെ സ്ഥലമുണ്ട്. എവിടെയെങ്കിലും ഒരു സ്ഥലം പകരം കണ്ട് ഈ ട്രീറ്റ്മെന്റ് പ്ലാന്റ് ഏറ്റവും wrong ആയിട്ടുള്ള അത്ര

thickly populated ആയിട്ടുള്ള ഒരു സ്ഥലത്ത് കൊണ്ടുപോയി വയ്ക്കുക. അത് അവരെ ചർച്ച ചെയ്ത് ബോധ്യപ്പെടുത്തുകയോ അങ്ങനെയൊന്നുമില്ല. ബലം പ്രയോഗിച്ച് സ്ഥാപിക്കുക എന്നുള്ള പരിപാടിയാണ് ഇപ്പോൾ നടക്കുന്നത്. അത് ശരിയല്ല. അവിടെ നാനാ ജാതി മതസ്ഥർ ജീവിക്കുന്ന ഒരു പ്രദേശമാണ്, അവിടെയുള്ളതും മനുഷ്യരാണ്. വളരെ ദയനീയമാണ് കാര്യങ്ങൾ. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ പിടിവാശി ഒഴിവാക്കി ചർച്ചയ്ക്ക് തയ്യാറാകണം. ഓൾ പാർട്ടി ലെവലിൽ ചർച്ച ചെയ്യാം. ഓൾ പാർട്ടി കൂടി ചർച്ച ചെയ്ത് ഒരു അന്തിമ തീരുമാനമെടുത്ത് നമുക്ക് എവിടെയാണ് നല്ലതെന്ന് തീരുമാനിക്കാം. ഡോ. എം. കെ. മുനീർ സഹകരിക്കാമെന്ന് പറഞ്ഞല്ലോ ട്രീറ്റ്മെന്റ് പ്ലാന്റ് വേണ്ടെന്ന് പറയുന്നില്ല. പണിയൊന്നും തുടങ്ങിയില്ലല്ലോ; ഒന്നുകൂടി ചർച്ച ചെയ്യണം. അതിന് തയ്യാറാകണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. അവിടെ അടിച്ചൊതുക്കി നടപ്പിലാക്കുകയെന്ന നയം തിരുത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഡോ. എം. കെ. മുനീറും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട ഉപനേതാവും പറഞ്ഞിരിക്കുന്നത് ചർച്ച ചെയ്യണമെന്നാണ്. ജനസാന്ദ്രതയുള്ള പ്രദേശത്ത് പ്രത്യേകിച്ച് അവരുടെ തൊഴിലിനെക്കൂടി ബാധിക്കുന്ന വിഷയമായതുകൊണ്ട് ചർച്ച ചെയ്യണം. ഈ വിഷയം ചർച്ച ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ. പക്ഷെ ഇതിനെ അടിച്ചമർത്തി നടപ്പിലാക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന മുദ്രാവാക്യമാണ് മുന്നോട്ടുവയ്ക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പക്ഷെ അത് പ്രായോഗികതലത്തിൽ ഉണ്ടാകുന്നില്ല. വലിയ തോതിൽ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ ഇന്നുണ്ടാക്കുന്ന സാമൂഹ്യ പ്രശ്നം ഞാൻ പറയാതെ തന്നെ അങ്ങേയ്ക്കറിയാം. ബ്രഹ്മപുരം അടക്കമുള്ള നിരവധി മാലിന്യ പ്ലാന്റുകൾ ഉദാഹരണമായി നമ്മുടെ മുൻപിൽ നിൽക്കുകയാണ്. അത് കണ്ടുകൊണ്ടുവരുന്ന ജനങ്ങൾ സ്വാഭാവികമായിട്ടും പ്രതികരിക്കും. ജനനിബിഡമായ പ്രദേശത്താണ് ഇപ്പോൾ ഈ പ്ലാന്റ്

സ്ഥാപിക്കാൻ കോർപ്പറേഷൻ മുന്നോട്ടുവന്നിരിക്കുന്നത്. അതുതന്നെയാണ് അവിടത്തെ ഏറ്റവും വലിയ പ്രശ്നവും. അതിനുപകരം സ്ഥലം പരിശോധിക്കാനും പരിഗണിക്കാനും ഗവൺമെന്റ് തയ്യാറാകണം. പോലീസിന്റെ അതിക്രമത്തിൽ ശക്തമായി പ്രതിഷേധിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് വെള്ളയിൽ പ്രദേശം, അവരുടെ പ്രശ്നങ്ങളും ആശങ്കകളും എന്താണെന്ന് ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുപകരം പോലീസിനെ ഉപയോഗിച്ച് സ്ത്രീകളെയുൾപ്പെടെ ക്രൂരമായി തല്ലി ചതയ്ക്കുന്ന കാര്യങ്ങളാണ് നമ്മൾ കഴിഞ്ഞ ദിവസം കണ്ടത്. ഒരു സർവ്വകക്ഷി യോഗത്തിലും അവിടെ തീരുമാനമായിട്ടില്ല, ഒരു കൗൺസിലർപോലും ഈ വിഷയങ്ങൾ അറിയുന്നില്ല. ഇത്തരം വിഷയങ്ങളിലുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുകയാണ് വേണ്ടത്. അതല്ലാതെ പോലീസിനെ ഉപയോഗിച്ച് ഇത്തരത്തിലുള്ള ക്രൂരമായ നടപടികൾ അവസാനിപ്പിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ

പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)